# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീരമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-1553/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി14)-1553/21 തീയ്യതി: 05/02/2022

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2020 മുതൽ 19-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പോളി ടി ഒ,ഓഡിറ്റ് ഓഫീസർ

ശ്രീ ധീരജ് ജെ,ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് ബാബു എൻ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബെന്നി പോൾ | പ്രസിഡന്റ് | 01-04-2020 | 20-12-2020 |
| ശ്രീ വി സി ചാക്കോ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ ലിജോ അഗസ്റ്റിൻ | സെക്രട്ടറി | 01-04-2020 | 01-01-2021 |
| ഒഴിവ് | സെക്രട്ടറി | 02-01-2021 | 03-01-2021 |
| ശ്രീ ഷാജു പോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2021 | 17-01-2021 |
| ശ്രീ ലിജോ അഗസ്റ്റിൻ | സെക്രട്ടറി | 18-01-2021 | 01-03-2021 |
| ശ്രീ എ ബി മൈതീൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ലിൻസി നൈനാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ എം എം ബക്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ രേണു എം നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ഷൈജു പി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ദിനേഷ് ടി എം | അസി.എഞ്ചിനിയർ | 01-04-2020 | 31-05-2020 |
| ശ്രീ അനൂപ് ജോർജ്ജ് | അസി.എഞ്ചിനിയർ | 01-06-2020 | 30-06-2020 |
| ശ്രീമതി മിനിമോൾ | അസി.എഞ്ചിനിയർ | 01-07-2020 | 30-09-2020 |
| ശ്രീമതി നസീമ സി എം | അസി.എഞ്ചിനിയർ | 01-10-2020 | 31-03-2021 |
| ശ്രീമതി സൈനബ സി എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 10-02-2021 |
| ശ്രീമതി സ്വപ്ന മാത്യൂ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-02-2021 | 31-03-2021 |
| ശ്രീമതി ബെൽസി ബാബു കെ | കൃഷി ഓഫീസർ | 01-04-2020 | 15-03-2021 |
| ശ്രീ ബോസ് മത്തായി | കൃഷി ഓഫീസർ | 16-03-2021 | 31-03-2021 |
| ശ്രീ മുഹമ്മദ് എസ് എം | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീ ബിനിൽ സി മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 01-04-2020 | 20-01-2021 |

| | | | |
|---|---|---|---|
| ശ്രീ സിറാജ് എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നാട്ടുകാണി | 21-01-2021 | 31-03-2021 |
| ശ്രീ സിറാജ് എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീരമ്പാറ | 01-04-2020 | 31-03-2021 |
| ശ്രീമതി എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ഷാജു പോൾ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-1-2 |
| 4 | സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 24-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-2 |
| 7 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-2-1 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-5 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-9 |
| 15 | ഗ്രാമസഭ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-10 |
| 16 | കമ്മിറ്റി യോഗങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-11 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-12 |

| | | |
|---|---|---|
| | Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | |
| 18 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: Aneesh R (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-13 |
| 19 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-14 |
| 20 | ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചില്ല<br>Written By: Aneesh R (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-15 |
| 21 | 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് നിശ്ചയിച്ച കമ്മിറ്റി തീരുമാനത്തിലെ അപാകത<br>Written By: Nabeel Muhammad Abbas (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-16 |
| 22 | ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭിച്ചില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-17 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല<br>Written By: Aneesh R (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-18 |
| 24 | പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുകൾ ലഭ്യമായില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-19 |
| 25 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Nabeel Muhammad Abbas (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-20 |
| 26 | പാലിയേറ്റീവ് കെയർ -അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-21 |
| 27 | സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിസിറ്റി ചാർജ് അടക്കുന്നത് - സ്റ്റോക്ക് രജിസ്റ്ററും കെ.എസ്.ഇ.ബി ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-22 |
| 28 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ- പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ഹാജരാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-23 |
| 29 | അങ്കണവാടി -അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-24 |
| 30 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിനൊപ്പം ജി.എസ്.ടി നൽകുന്നതിലെ അപാകത<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 1-25 |
| 31 | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന്റെ കാരണം വ്യക്തമല്ല<br>Written By: T.O.Polly (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-26 |
| 32 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ സപ്ലൈ - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 27-10-2021) | 1-27 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 18-01-2022) | |
| 33 | പെർമിറ്റും പൂർണ്ണമായ വാലേപഷനമില്ലാതെ പഠനമുറിക്ക് ധനസഹായം<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-28 |
| 34 | എ.ബി.സി പ്രോഗ്രാം- തുക നൽകിയെങ്കിലും പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-29 |
| 35 | സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടവാക്കേണ്ടി വരുന്നു<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-30 |
| 36 | എസ്.എസ്.എ. വിനിയോഗവിവരം ലഭ്യമല്ല<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-31 |
| 37 | സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കി<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-32 |
| 38 | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക തുക നൽകാനുള്ളത് സംബന്ധിച്ച്<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-33 |
| 39 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-10-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-10-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 26-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 04-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 18-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.03.2020 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 27.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 24.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 14,13,59,301 |
| ചെലവ് | 14,03,67,222 |

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| വരവ് | 14,13,59,301 | 5,56,36,465 (മുൻബാക്കി ഒഴികെ) |
| ചെലവ് | 14,03,67,222 | 5,90,01,578 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളുടെ 50 ശതമാനത്തിലും കുറവാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-3 സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജുകൾ എന്നിവ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി 08.03.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാന വർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിലും തനത് വരുമാന വർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

നൂതമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 /ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2. ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4. ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധിക വിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 02.07.2021 |

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) വാർഷിക ധനകാര്യ പത്രികയിലെ ലയബിലിറ്റി ഹെഡിൽ(Schedule B-4) താഴെപ്പറയുന്ന തുകകൾ നീക്കിയിരിപ്പായിട്ടുണ്ട്. ഇവ നിലവിൽ ചെലവഴിക്കാതെ ശരിയായ നീക്കിയിരിപ്പാണോ,അതോ ഏതെങ്കിലും ബാങ്കിൽ നിക്ഷേപമായി ഉണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. ഈ തുകകൾ ഏത് ആവശ്യത്തിനാണ് ലഭ്യമായതെന്നും വ്യക്തമല്ല. ഇവ ചെലവായിട്ടുണ്ടെങ്കിൽ ജേർണൽ വൌച്ചർ പ്രകാരം വരുമാനമായി രേഖപ്പെടുത്തി പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ഗ്രാന്റുകൾ സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

| ഫണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 320100121 | Central Scheme-ICDS Fund | 729699 |
| 320200322 | Grant From Shuchitwa Mission | 141505 |
| 320300103 | Grant From Total Sanitation | 1738733 |
| 320700204 | Joint Venture Project Block Panchayath | 1999700 |
| 320700205 | Joint Venture Project(for Revenue Expenditure) | 600300 |

2) ലോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ (330500201) 1,00,93,333/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ലോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 1,32,73,018.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 5,56,36,465.00 |
| ആകെ | | 6,89,09,483.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 5,90,01,578.00 |
| നീക്കിയിരിപ്പ് | | 99,07,905.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,76,633.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8665000 | 8665000 | 8192256* | 0 | 472744 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3606000 | 3606000 | 2890009 ** | 0 | 715991 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 149000 | 149000 | 20000 | 0 | 129000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10472000 | 10472000 | 9627297 | 0 | 844703 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ്) | 0 | 3790000 | 3790000 | 2159268 | 0 | 1630732 |
| ധനകാര്യ കമ്മീഷൻ അവാർഡ്(അൺടൈഡ്) | 0 | 6810427 | 6810427 | 5240854 | 0 | 1569573 |
| കേന്ദ്രാവിഷ്കൃതഫണ്ട് - എൻ.ആർ.ഇ.ജി.എസ് | 361993 | 678988 | 1040981 | 1040981 | 0 | - |
| 320 100 101-Admin.Exp EFMS | 0 | 9843047 | 9843047 | 9843047 | 0 | 0 |
| ICDS- 320 100 121 | 805907 | 780758 | 1586665 | 856966 | 729699 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| 320 300 199 വിമുക്തി | 8456 | 117888 | 126344 | 117888 | 8456 | 0 |
| ലൈഫ് സംസ്ഥാന വിഹിതം 320200399 | 4125851 | 3149 | 4129000 | 2325140 | 1803860 | 0 |
| സമ്പൂർണ്ണ ശുചിത്വം 320200322 | 11505 | 1281995 | 1293500 | 1151995 | 141505 | 0 |
| സാനിട്ടേഷൻ ഫണ്ട് 320300103 | 593939 | 1452376 | 2046315 | 307582 | 1738733 | 0 |
| ദുരിതാശ്വാസ നിധി 311100101 | 299283 | 12091 | 311374 | - | 311374 | 0 |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 1513005 | 1500000 | 3013005 | 1013305 | 1999700 | 0 |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 1300250 | - | 1300250 | 699950 | 600300 | 0 |
| 320 700 105 Joint Venture – District Panchayat- Capital Expenditure | 1000000 | - | 1000000 | - | 1000000 | |

*1696659/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

**205020/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 8665000 | 8192256 | 472744 | 5.46 |
| വികസന ഫണ്ട് (എസ്.സി.പി) | 3606000 | 2890009 | 715991 | 19.86 |
| വികസനഫണ്ട് (ടി.എസ്.പി) | 149000 | 20000 | 129000 | 86.58 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 10472000 | 9627297 | 844703 | 8.06 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3456681 | 3456681 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ്) | 3790000 | 2159268 | 1630732 | 43.02 |
| ധനകാര്യ കമ്മീഷൻ അവാർഡ്(അൺടൈഡ്) | 6810427 | 5240854 | 1569573 | 23.05 |

2020-21 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ ചിലത് 70 ശതമാനത്തിൽ കറവാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു. അതായത് 53,62,743/- രൂപ തൻവർഷം ലാപ്സാക്കി. വികസനഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി), മെയിന്റനൻസ്ഗ്രാന്റ് (റോഡ്, റോഡിതരം),ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവ പൂർണ്ണമായും ചെലവഴിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതായിരുന്നു. അത്തരമൊരു സമീപനം പഞ്ചായത്ത് ഭരണ സമിതി സ്വീകരിച്ചിട്ടില്ല. ഗ്രാന്റായി ലഭിക്കുന്ന മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക വികസനത്തിന് ഉപയോഗിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 205 | 107368761 | 174 | 45520061 | 10 | 21 | 84.88% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 361993 | 678988 | 1040981 | 1040981 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 10263091 | 10263091 | 10263091 | |
| ആകെ | 361993 | 10942079 | 11304072 | 11304072 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3232500 | 219 |
| വിധവാപെൻഷൻ | 7453200 | 553 |
| വാർദ്ധക്യകാലപെൻഷൻ | 12420100 | 896 |
| വികലാംഗപെൻഷൻ | 2947900 | 202 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 883800 | 62 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2021ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 8,502/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020-ഡിസംബർ 2020 | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2018 മുതൽ 02.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 30.11.2018 |

## 1-10 ഗ്രാമസഭ

ഗ്രാമസഭ ഒരു തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. കൂടുതൽ ചർച്ചകളോ,തദ്ദേശ മേഖലയിലെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങളോ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമസഭ 2020-21 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിനാണ് ചേർന്നിട്ടുള്ളത്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഗ്രാമസഭാ യോഗം ചേരാവുന്നതാണ്.

## 1-11 കമ്മിറ്റി യോഗങ്ങൾ

ജനറൽ കമ്മിറ്റിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും നിയമാനുസൃത ഇടവേളകളിൽ യോഗം ചേർന്ന് മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ജനറൽ കമ്മിറ്റിയുടെ മിനിട്സ് കൃത്യമായി സകർമ്മ സോഫ്റ്റ്‌വെയറിൽ ചേർത്തു പോരുന്നുണ്ട്.

## 1-12 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനു മുൻപ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്.

കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോഴും വ്യാപാരങ്ങൾക്കും സംരഭക ലൈസൻസ് അനുവദിക്കുമ്പോഴും ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. നികുതികൾ ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാവണം. ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അതാത് സമയങ്ങളിൽ തന്നെ അടവാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായി വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം. ഇതിനായി പദ്ധതി രൂപീകരണം മുതൽ സമയക്രമം പാലിക്കേണ്ടതുണ്ട്. പദ്ധതി മാർഗ്ഗരേഖയിലും ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖയിലും പറഞ്ഞിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ടുള്ള നടപടികൾ വരും വർഷങ്ങളിൽ ഉണ്ടാവേണ്ടതാണ്.

പ്രോജക്കുകൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. സബ്സിഡി അനുവദിക്കുന്ന പ്രൊജക്കുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. രേഖകൾ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും കാര്യക്ഷമത കാണിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ സാധന സാമഗ്രികൾ സമാഹരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പ്രൊജക്റ്റുകളിൽ സമാഹരിച്ച മുഴുവൻ സാധനങ്ങളുടെയും വിതരണം നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ്.

വാങ്ങലുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായും കരാറിനനുസൃതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകളും കൂടി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിലെ 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2013 ഒന്നാം അർദ്ധവർഷം വസ്തുനികുതി നിർണ്ണയിച്ച മറിയാമ്മ മത്തായി, വേങ്ങശേരിയിൽ, കീരംപാറ എന്ന വ്യക്തിയുടെ 167.30 ച.മീറ്റർ തറവിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള 12/215A നമ്പർ കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് നികുതിനിർണ്ണയം നടത്തി ഈടാക്കിയത്. 50 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തേണ്ടിയിരുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി | 8365 |
| അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവുകൾ (കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ – 10%) | 836.50 |
| അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള വർദ്ധനവുകൾ (5മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശനം – 20%) | 1673 |
| ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തേണ്ടിയിരുന്നത് | 9202 |
| ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തിയത് | 8012 |
| കുറവ് | 1190 |

മേൽ സൂചിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് മൂലം വർഷം തോറും പഞ്ചായത്ത് ഫണ്ടിന് 1,190/-രൂപയുടെ കുറവുണ്ടാകുന്നുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/26.10.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച്, നാളിതുവരെയുള്ള കുടിശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ കീരംപാറ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം കരാറുകാരിൽ നിന്നും തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ, തൻവർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഈ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 60 ദിവസത്തിൽ കുറയാത്ത കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര്, വിലാസം | കരാർ നം. തീയതി | കരാർ തുക |
|---|---|---|---|
| 1 | ഷാജു മത്തായി<br>പല്ലാറ്റിങ്ങൾ,<br>അയിരൂർപാടം | 101/2020-21 | 495000 |
| | | 108/2020-21 | 365000 |
| | | 96/2020-21 | 300000 |
| | | 103/2020-21 | 150000 |
| 2 | ബിനു കെ വർഗീസ്,<br>വാഴത്തോട്ടത്തിൽ,കോതമംഗലം | 82/2020-21 | 479000 |
| | | 83/2020-21 | 489000 |
| 3 | ബിനു കെ ജോർജ്,<br>കൊട്ടാരത്തിൽ,<br>ഭൂതത്താൻകെട്ട് | 117/2020-21 | 400000 |
| | | 661/2020-21 | 1200000 |
| | | 139/2020-21 | 472000 |
| 4 | ആഷ്ബിൻ ജോസ്,<br>ആട്ടുകുഴിയിൽ | 84/2020-21 | 300000 |
| | | 100/2020-21 | 466000 |
| 5 | ഷാജി ജോർജ് | 106/2020-21 | 410000 |
| | | 118/2020-21 | 200000 |

| | | | |
|---|---|---|---|
| | | 121/2020-21 | 250000 |
| | | 104/2020-21 | 200000 |
| 6 | അലിയാർ എൻ ബി, | 102/2020-21 | 200000 |
| | നെല്ലിമറ്റത്തിൽ, ആയക്കാട് | 92/2020-21 | 250000 |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/29.10.2021) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2020-21 രണ്ടാം അർദ്ധവർഷം വരെ വലിയ തുക കുടിശിക പിരിച്ചെടുക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശിക തുക |
|---|---|---|---|
| 1, | 3/80A | ബി.എസ്.എൻ.എൽ | 44104 |
| 2, | 5/60A | ബി.എസ്.എൻ.എൽ | 44104 |
| 3, | 11/13/a | ബി.എസ്.എൻ.എൽ | 85680 |
| ആകെ | | | 173888 |

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/30.09.2021) ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19ൽ നിർദേശിക്കുന്ന പ്രകാരം വസ്തുനികുതി കുടിശിക ഈടാക്കുന്നതിനുള്ള നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് നിശ്ചയിച്ച കമ്മിറ്റി തീരുമാനത്തിലെ അപാകത

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ എന്റർപ്രൈസസ്, മിനി എന്റർപ്രൈസസ്, സ്മോൾ എന്റർപ്രൈസസ്, ലാർജ്ജ് എന്റർപ്രൈസസ് എന്നീ നാല് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. കീരമ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് 10.07.2019തീയതി നടന്ന സാധാരണ യോഗത്തിലെ 9(1) നമ്പർ തീരുമാനം എടുത്തിട്ടുണ്ട്. മേൽ ചട്ട പ്രകാരം മൈക്രോ എന്റർപ്രൈസസ് വിഭാഗങ്ങൾക്ക് മാത്രമാണ് കമ്മിറ്റി ലൈസൻസ് ഫീസിൽ തീരുമാനം എടുത്തിട്ടുള്ളത്. എന്നാൽ ഈ വിഭാഗത്തിലെ സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ഫീസ് സംബന്ധിച്ച് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. മൈക്രോ എന്റർപ്രൈസസ് വിഭാഗങ്ങൾക്ക് പരമാവധി നിശ്ചയിക്കാവുന്ന ഫീസ് 500 രൂപയാണ്. എന്നാൽ മാനുഫാക്ചറിങ് സ്ഥാപനങ്ങളെ ചട്ടത്തിൽ നിർദ്ദേശിക്കപ്പെടാത്ത പ്രകാരം വീണ്ടും 6 ഉപവിഭാഗങ്ങളായി തരം തിരിച്ചിരിച്ചാണ് ഫീസ് നിശ്ചയിച്ചത്. മാത്രമല്ല മിനി, സ്മോൾ, ലാർജ്ജ് എന്നീ വിഭാഗങ്ങളെ സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. ചട്ടത്തിൽ നിർദേശിക്കപ്പെടാത്ത പ്രകാരം മൈക്രോ എന്റർപ്രൈസസ് വിഭാഗത്തെ വീണ്ടും 6 ഉപവിഭാഗങ്ങളായി തിരിച്ച് ഫീസ് നിശ്ചയിച്ചതിനും, മിനി, സ്മോൾ, ലാർജ് വിഭാഗങ്ങൾക്ക് ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കാത്തതിലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/27.10.2021) മറുപടി ലഭിച്ചില്ല. 2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾക്കനുസൃതമായി ഫീസ് പുനർനിശ്ചയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയ പ്രവർത്തികളുടെ ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം 20060/- രൂപ ലഭിക്കാനുണ്ടായിരുന്നു. ടി തുക ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ചിട്ടില്ല. എന്നാൽ, ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | എസ് 23/21, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ | 1/20-21 തീയതി 29.01.2021/- |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 2,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 29.01.2021 ന് കൈമാറിയെങ്കിലും 153674/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 46326/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ബാക്കി മരുന്ന് ലഭ്യമാക്കുന്നതു വരെ 46,326/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആരോഗ്യമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് | S0072/21<br>പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| അടങ്കൽ | 525000 |
| ചെലവ് | 347836 |
| ബിൽ നം/തീയതി/ തുക | 12/20-21 / 12.11.2020 / ₹42996 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഡയറക്ടറുടെ അക്കൌണ്ടിലേക്ക് പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്നുവാങ്ങലിനുള്ള തുകയായ 42996/-രൂപ നൽകിയതിൻ പ്രകാരം ആകെ 34689/-രൂപയുടെ മരുന്നുകൾ ടാക്സ് ഇൻവോയ്സ് പ്രകാരം ലഭിച്ചതായാണ് ഫയൽ പരിശോധനയിൽ വ്യക്തമായത്. പ്രോജക്ട് ചെലവ് തുക 42996/-രൂപയിൽ ബാക്കി 8307/-രൂപയുടെ മരുന്നുകൾ ലഭിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.4/21.10.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ബാക്കിയുള്ള 8307/- രൂപയുടെ മരുന്നുകൾ ഉടൻ ലഭിക്കുമെന്ന് അറിയിച്ചു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. ലഭ്യമാകാത്ത 8,307/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

എ) യന്ത്രങ്ങളുടെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാം. ഇത് പ്രകാരം 200എച്ച്പി വരെയുള്ള യന്ത്രങ്ങൾക്ക് 2000 രൂപയും, തുടർന്നുള്ള ഓരോ കുതിരശക്തിക്കും 10 രൂപ വീതവും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തേക്ക് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉള്ള ബേസിൽ റബ്ബർ ഫാക്ടറി എന്ന ക്രംപ് റബ്ബർ പ്രോസസിംഗ് യൂണിറ്റിൽ നിന്നും ഇപ്രകാരം ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസ് നം. | യന്ത്രത്തിന്റെ കുതിരശക്തി | പട്ടിക III പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|
| 53/19-20 | 1165.21<br>(ഫയൽ പ്രകാരം 549.25 KW+320KVA) | 11,652<br>(869.25/746 X 1000 = 1165.21) | 7,500 | 1191010102078/24.02.2020 | 4152 |

ബി) മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും കീരമ്പാറ ഗ്രാമപഞ്ചായത്ത് മേൽ ചട്ടത്തിലെ ചട്ടം 10, പട്ടിക II പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് 9(1)/10.07.2019 തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ, മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിലെ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് മാത്രമാണ് ഇപ്രകാരം ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സ്മാൾ, മീഡിയം എന്റർപ്രൈസസ് സ്ഥാപനങ്ങൾക്ക് ചട്ട പ്രകാരമുള്ള പരമാവധി ലൈസൻസ് ഫീസായ 5000, 10000 തന്നെയാണ് ഈടാക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നല്കിയ താഴെ പറയുന്ന സ്മാൾ, മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപെട്ട സ്ഥാപനങ്ങളുടെ ഫീസ് മൂലധനനിക്ഷേപത്തിന് അനുസരിച്ച് ഈടാക്കിയിട്ടില്ല വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | മൂലധന നിക്ഷേപം | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ്/ | രസീത് നം./ തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | കാലിപ്സോ എക്കോ ലോഡ്ജ്സ് (സേവനം) | 110/20-21 | 7500000 | 5,000 | 3,000 | 119010500046<br>28/03/2020 | 2,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ഗ്ലേന്റ അക്വാ ഫുഡ്സ് (വ്യവസായം) | 147/20-21 | 28369000 | 5,000 | 3,000 | 120010100413 03/08/2020 | 2,000 |
| 3 | തപോവൻ ഗ്രീൻ കൌണ്ടി റിസോർട്ട് (സേവനം) | 97/20-21 | 31025000 | 10,000 | 4,000 | 119010102175 03/03/2020 | 6,000 |
| | | | | ആകെ | | | 10,000 |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (13/28.10.2021, 22/29.10.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ യന്ത്രത്തിന്റെ കുതിരശക്തി, മൂലധനനിക്ഷേപം എന്നിവയിൽ വിശദമായ പരിശോധന നടത്തി ലൈസൻസ് ഫീസിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് കെയർ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 49/21, പാലിയേറ്റീവ് കെയർ യൂണിറ്റ് |
| അടങ്കൽ | 525000 (വികസന ഫണ്ട്) |
| ചെലവ് | ₹ 3,47,836 |
| | 1)01/20-21,04.06.20, ₹41,120/-<br>2)03/20-21,09.07.20, ₹27,260/-<br>3)04/20-21, 07.08.20, ₹21,900/-<br>4)06/20-21,04.09.20, ₹20,560/-<br>5)08/20-21,12.10.20, ₹30,420/-<br>6)12/20-21,12.11.20, ₹70,616/-<br>7)14/20-21,14.01.20, ₹17,600/-<br>8)16/20-21,11.01.21, ₹24,140/-<br>9)17/20-21,18.02.21, ₹21,110/-<br>10)22/20-21,10.03.21, ₹35,100/-<br>11)24/20-21,26.03.21, ₹38,010/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് മാർഗരേഖയെ അടിസ്ഥാനപ്പെടുത്തിയുള്ള [സ.ഉ (സാധാ)നം.553/19 /ത.സ്വ.ഭ.വ, തീയതി 07.03.2019] താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) ഹോംകെയർ റിപ്പോർട്ട് മെഡിക്കൽ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.(മാർഗരേഖ ഖ- 2.6.4)

2) ദിവസം എട്ട് രോഗികളെയെങ്കിലും സന്ദർശിക്കുവാൻ കഴിയുന്ന രീതിയിലാണ് ഹോം കെയർ ആസൂത്രണം ചെയ്യേണ്ടത് (മാർഗരേഖ ഖണ്ഡിക.2.4.1). എന്നാൽ ഹോം കെയർ റിപ്പോർട്ട് പരിശോധിച്ചതിൽ എട്ടിൽ താഴെ രോഗികളെ മാത്രമാണ് സന്ദർശിച്ചതായി കാണുന്നത്.

3) മാർഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്(മാർഗരേഖ ഖണ്ഡിക- 2.9.2). എന്നാൽ പിഎംസി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ രണ്ട് പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. മാത്രമല്ല വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചതായോ തൊട്ടടുത്ത മാസങ്ങളിലെ പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചതായോ കാണുന്നില്ല. കോവിഡ് 19 രൂക്ഷമായ സാഹചര്യത്തിൽ ഓൺലൈനായി യോഗം ചേരാതിരുന്നതും വിശദീകരിക്കേണ്ടതാണ്.

4) പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.
മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.3/21.10.2021) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഹോം കെയർ റിപ്പോർട്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ദിവസവും എട്ട് കിടപ്പു രോഗികളെയെങ്കിലും സന്ദർശിച്ച് പരിശോധന നടത്തുന്നതാണെന്നും,പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി നിയമപ്രകാരം കൂടുന്നതാണെന്നും, പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും അറിയിച്ചു. മാർഗരേഖയിൽ വിശദീകരിച്ചിട്ടുള്ളതു പോലെ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിസിറ്റി ചാർജ് അടക്കുന്നത് - സ്റ്റോക്ക് രജിസ്റ്ററും കെ.എസ്.ഇ.ബി ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ ഇലക്ട്രിസിറ്റി ചാർജ് കെ.എസ്.ഇ.ബിയിൽ അടവാക്കുന്നത് രണ്ട് കൺസ്യൂമർ നമ്പർ പ്രകാരമാണ്. കൺസ്യൂമർ നമ്പർ 1157137004744 പ്രകാരം 20338/- രൂപയും,കൺസ്യൂമർ നമ്പർ 1157136009455 പ്രകാരം 42,878/- രൂപയും പ്രതിമാസം ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കുന്നുണ്ട്.

1) കൺസ്യൂമർ നമ്പർ 1157137004744 പ്രകാരം 20338/- രൂപ അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി ബൾബ് 40 Watts | 29 | 73 | 2,117.00 |

| | | | |
|---|---|---|---|
| ഓർഡിനറി ബൾബ് 60 Watts | 128 | 112 | 14,336.00 |
| ഫ്ലൂറസെന്റ് ട്യൂബ് 2x40 Watts | 15 | 147 | 2,205.00 |
| സി. എഫ്. എൽ ഓട്ടോമാറ്റിക് 1x15 | 70 | 24 | 1,680.00 |
| Total | | | 20338 |

2) കൺസ്യൂമർ നമ്പർ 1115713600955 പ്രകാരം 42878/- രൂപ അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി ബൾബ് 40 Watts | 130 | 73 | 9,490.00 |
| ഓർഡിനറി ബൾബ് 60 Watts | 117 | 112 | 13,104.00 |
| ഫ്ലൂറസെന്റ് ട്യൂബ് 1x40 Watts | 110 | 73 | 8,030.00 |
| ഫ്ലൂറസെന്റ് ട്യൂബ് 2x40 Watts | 26 | 147 | 3,822.00 |
| സോഡിയം വേപ്പർ ലാംബ് 1x250 | 16 | 492 | 7,872.00 |
| സി. എഫ്. എൽ ഓട്ടോമാറ്റിക് 2x11 | 16 | 35 | 560.00 |
| Total | | | 42,878.00 |

സ്ട്രീറ്റ് ലൈറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 01.11.2015-ൽ താഴെ പറയുന്ന സ്റ്റോക്ക് ഉണ്ടായിരുന്നു.

| ഇനം | എണ്ണം |
|---|---|
| എൽ. ഇഡി. ലൈറ്റ് | 128 |
| ട്യൂബ് ലൈറ്റ് | 93 |
| സോഡിയം വേപ്പർ ലാംബ് | 5 |
| ആകെ | 226 |

കൂടാതെ പ്രൊജക്ട് 146/21 പ്രകാരം താഴെ പറയുന്ന സ്ട്രീറ്റ് ലൈറ്റുകൾ 2020-21ൽ സ്ഥാപിച്ചിട്ടുണ്ട്. ജൂലൈ 2020-ൽ എൽ.ഇ.ഡി ലൈറ്റ് 169 എണ്ണം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം ആകെയുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| എൽ. ഇഡി. ലൈറ്റ് | 297 |
| ട്യൂബ് ലൈറ്റ് | 93 |
| സോഡിയം വേപ്പർ ലാംബ് | 5 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണവും കെ.എസ്.ഇ.ബിയുടെ ബില്ലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിവരവും, സ്ട്രീറ്റ് ലൈറ്റിനായി മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.15/29.10.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 തുടർ സാക്ഷരത പ്രവർത്തനങ്ങൾ- പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ഹാജരാക്കിയില്ല

| പ്രോജക്ട് | 1)തുടർ സാക്ഷരത പ്രവർത്തനങ്ങൾ,56/21 | 2)തുടർ സാക്ഷരത പ്രവർത്തനങ്ങൾ,193/21 |
|---|---|---|
| അടങ്കൽ | ₹20,000 (തനത് ഫണ്ട്) | ₹20,000 (തനത് ഫണ്ട്) |
| ചെലവ് വിവരം (തുക, ബിൽ നം.,തീയതി) | ₹15,750/- (5/20-21,31.03.2021) | 1) ₹ 11,850/- (2/20-21,28.01.2021)<br>2) ₹ 450/- (3/20-21,27.02.2021) |

ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന പത്താം തരം തുല്യത,പ്ലസ്ടു തുല്യത എന്നീ കോഴ്സുകൾക്ക് രണ്ട് പ്രോജക്ടുകളിലായി 15 കുട്ടികളെ രജിസ്റ്റർ ചെയ്യിക്കുകയും അവരുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് , പരീക്ഷാഫീസ് എന്നീ ഇനങ്ങളിലായി 28,050/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് (A/C No. 38444973881) നൽകിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും, പദ്ധതി പൂർത്തിയാക്കി എല്ലാ ഗുണഭോക്താക്കളും പരീക്ഷയെഴുതി സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടോയെന്നും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.11/27.10.2021) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 അങ്കണവാടി -അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

| | |
|---|---|
| ഗ്രാമപഞ്ചായത്തിലെ ആകെ അംഗൻവാടികൾ | 12 |
| സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ | സെന്റർ നം- 75, കരിയിലപ്പാറ<br>സെന്റർ നം-85 , കീരമ്പാറ |
| പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | സെന്റർ നം-75, കരിയിലപ്പാറ |

| | |
|---|---|
| അറ്റകുറ്റപ്പണി ആവശ്യമായിട്ടുള്ള അങ്കണവാടികൾ | സെന്റർ നം-76, കൃഷ്ണപുരം കോളനി<br>സെന്റർ നം- 77, എം.ഡി കോളനി<br>സെന്റർ നം- 78, കൊങ്ങിമറ്റം<br>സെന്റർ നം- 79, പാലമറ്റം<br>സെന്റർ നം- 81, നാട്ടുകാണി<br>സെന്റർ നം- 82, തോണിക്കണ്ടം<br>സെന്റർ നം- 83, പറാട്<br>സെന്റർ നം- 84, തെക്കുമ്മേൽ<br>സെന്റർ നം- 86, കുവപ്പാറ |

പഞ്ചായത്തിൽ 12 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ അങ്കണവാടി സെന്റർ നമ്പർ 75,76 എന്നിവയിൽ അടിസ്ഥാന സൌകര്യങ്ങൾ (കറന്റ് കണക്ഷൻ,ടോയ്‌ലറ്റ് സൌകര്യം എന്നിവയില്ല) കുറവായതിനാൽ പൂട്ടുന്നതിന് കോതമംഗലം സി.ഡി.പി.ഒ നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 08.05.2019 ലെ 4(1) തീരുമാന പ്രകാരം പൂട്ടുകയും ചെയ്തു. ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തി മാത്രമേ ഇത്തരം അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടുള്ളൂ.

അനുപൂരക പോഷകാഹാരപദ്ധതിക്കായി അനുവദിച്ച ഫണ്ട് മിച്ചമുണ്ടെങ്കിൽ ആയത് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനോ,കുടിവെള്ളം,വൈദ്യുതി മുതലായ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും,അങ്കണവാടികൾക്ക് ആവശ്യമായ പാത്രങ്ങളും,കളിക്കോപ്പുകളും മറ്റും വാങ്ങുന്നതിനും, അങ്കണവാടികളുടെ അറ്റകുറ്റപ്പണിയ്ക്കും മുൻഗണന നൽകി വിനിയോഗിക്കേണ്ടതാണെന്ന് നം.39033/ഡിസി2/2010/ത.സ്വ.ഭ.വ/തീയതി 03.09.2010,സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. 2019-20 വർഷം പ്രോജക്ട് നം-3/20 ൽ പെടുത്തി 1300000/- രൂപ കേന്ദ്രവിഹിതമായി ലഭിച്ചെങ്കിലും 1143630/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കേന്ദ്ര ഫണ്ട് പരമാവധി ഉപയോഗപ്പെടുത്തി അങ്കണവാടികളിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-25 മരാമത്ത് പ്രവൃത്തിയുടെ ബില്ലിനൊപ്പം ജി.എസ്.ടി നൽകുന്നതിലെ അപാകത

പഞ്ചായത്തിലെ എല്ലാ മരാമത്ത് പ്രവൃത്തികളുടേയും ബില്ലിന്റെ കൂടെ 12% ജി.എസ്.ടി കൂടെ ഉൾപ്പെടുത്തിയാണ് കരാറുകാർക്ക് ഫൈനൽ ബിൽ തുക അനുവദിക്കുന്നത്. ഇതിൽ 2,50,000/-രൂപയിൽ അധികം വരുന്ന പ്രവൃത്തികളിൽ നിന്നും 2% ടി.ഡി.എസ് ആയി തിരികെ പിടിയ്ക്കുന്നുമുണ്ട്. എന്നാൽ 2,50,000/-രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് 12% ജി.എസ്.ടി കൂട്ടി നൽകുന്നുണ്ടെങ്കിലും ടി.ഡി.എസ് ഈടാക്കുന്നില്ല.
ഇപ്രകാരം കരാറുകാർക്ക് നൽകുന്ന ജി.എസ്.ടി. തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കുന്നത് സംബന്ധിച്ച യാതൊരുവിധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഫയലിൽ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന്റെ കാരണം വ്യക്തമല്ല

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടം ഷീറ്റ് മേയുന്നതിന് ആവശ്യമായ G I പൈപ്പിന്റെ തൂക്കം കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പിന്നീട് റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി G I പൈപ്പിന്റെ തൂക്കം ഇരട്ടിയാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കെട്ടിടം ഷീറ്റ് മേയുന്നതിന്റെ അളവ് കൂട്ടുന്നില്ല. ചില പ്രവൃത്തികളിൽ ഷീറ്റ് മേയുന്നതിന്റെ അളവ് പകുതിയാക്കുന്നു. എന്നാൽ G I പൈപ്പിന്റെ തൂക്കം കുറയുന്നില്ല. ചില പ്രവൃത്തികളിൽ ഷീറ്റ് മേയുന്നതിന്റെ അളവ് പകുതിയാക്കുന്നു കൂടാതെ G I പൈപ്പിന്റെ തൂക്കം ഇരട്ടിയാക്കുന്നു. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഒരു കാരണവും കാണിക്കാതെയാണ് ആയത് റിവൈസ് ചെയ്യുന്നത്. അതായത് ഈ ഇനങ്ങൾക്ക് 100% വ്യത്യാസമാണ് വന്നിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

A.

| | |
|---|---|
| പ്രവൃത്തി | പാലമറ്റം അംഗൻവാടി മെയിന്റനൻസ് |
| പ്രൊജക്ട് | 106/21 |
| കരാറുകാരൻ | ഷാജി ജോർജ് |
| എം. ബുക്ക്. | 505/20-21 |
| ബിൽ നം. | 79/20-21 |
| എഗ്രിമെന്റ് | 429/18-19 23-7-18 |
| എസ്റ്റിമേറ്റ് തുക | 4,10,000/- |
| ആകെ പ്രവൃത്തി മൂല്യം | 3,05,601/- |
| നികുതികൾ അഡ്ജസ്റ്റ് ചെയ്ത് നൽകിയ തുക | 3,30,049 |

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ്- Item No. 9 പ്രകാരം അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിന് കണക്കാക്കിയ തുക-163.68m2 X 666.42/m2 = 1,09,079 രൂപ

ഇതിന് ആവശ്യമായ ആവശ്യമായ G I പൈപ്പിന്റെ തൂക്കം കണക്കാക്കിയത്

726.068kg X 126.25/kg = 91,666.08/-

റിവൈസ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തി

Item No. 9 പ്രകാരം അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തത്

81.45m2 X 666.42/m2 = 54279.91രൂപ

G I പൈപ്പിന്റെ തൂക്കം കണക്കാക്കിയത്

787.14 Kg X 126.25/kg = 99,376.00/- രൂപ

അതായത് റൂഫിംഗ് ചെയ്ത അളവ് പകുതിയായി കുറച്ചു. എന്നാൽ ഇതിന് അവശ്യമായ പൈപ്പിന്റെ അളവ് എസ്റ്റിമേറ്റ് പ്രകാരം തന്നെ കണക്കാക്കി. ഇതിൽ റൂഫിംഗ് ചെയ്ത അളവ് പകുതിയായി കുറച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ റൂഫിംഗിന്റെ അളവ് എസ്റ്റിമേറ്റിൽ എഴുതിയപ്പോൾ തെറ്റിപ്പോയി എന്നാണ്. കൂടാതെ പൈപ്പിന്റെ അളവും തെറ്റിപ്പോയി എന്നാണ്. മറുപടി അംഗീകരിക്കുന്നില്ല. വിശദമായി അന്വേഷിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (എൻക്വയറി നം.9).

B.

| | |
|---|---|
| പ്രവൃത്തി | പി എച്ച് സി പാലിയേറ്റീവ് കെയർ യൂണിറ്റ് മേൽക്കൂര മാറ്റൽ |
| പ്രൊജക്ട് | 83/21 |
| കരാറുകാരൻ | ബിനു വർഗീസ് |
| എം. ബുക്ക്. | 465/20-21 |
| ബിൽ നം. | 83/20-21 |
| എസ്റ്റിമേറ്റ് തുക | 4,89,000/- |
| ആകെ പ്രവൃത്തി | 4,35,981/- |
| നികുതികളും ടെന്റർ വ്യതിയാനവും അഡ്ജസ്റ്റ് ചെയ്ത് നൽകിയ തുക | 4,11,533.00 |

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ്- Item No. 9 പ്രകാരം അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിന് കണക്കാക്കിയ തുക
62.028m2 X 666.42/m2 = 41,336.70 രൂപ

ഇതിന് ആവശ്യമായ ആവശ്യമായ G I പൈപ്പിന്റെ തൂക്കം കണക്കാക്കിയത്

282.749kg X 126.25/kg = 35,697.06/-

റിവൈസ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തി

Item No. 9 പ്രകാരം അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്തത്

39.73m2 X 666.42/m2 = 26476.86രൂപ

G I പൈപ്പിന്റെ തൂക്കം കണക്കാക്കി നല്കിയ തുക

569.94 Kg X 126.25/kg = 71,323.68/- രൂപ

അതായത് റൂഫിംഗ് ചെയ്ത അളവ് പകുതിയായി കുറച്ചു. എന്നാൽ ഇതിന് അവശ്യമായ പൈപ്പിന്റെ അളവ് എസ്റ്റിമേറ്റിന്റെ ഇരട്ടി ഉപയോഗിക്കുകയും ചെയ്തു. ഇതിൽ റൂഫിംഗ് ചെയ്ത അളവ് പകുതിയായി കുറച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെയും കാരണം വ്യക്തമല്ല.
മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളിലും എസ്റ്റിമേറ്റിന്റെ ഇരട്ടിയിലധികം പൈപ്പ് ഉപയോഗിച്ചിട്ടുണ്ട്. അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. എൻക്വയറി നം.9/27.10.2021നുള്ള മറുപടിയിൽ റൌണ്ട് പൈപ്പ് ഒഴിവാക്കി സ്ക്വയർ പൈപ്പ് ഉപയോഗിച്ചതു കൊണ്ടാണ് പൈപ്പിന്റെ തൂക്കം കൂടിയത് എന്നാണ്. മറുപടി അംഗീകരിക്കുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ സപ്ലൈ - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST താഴെപ്പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/ എം ബുക്ക് നം | കരാറുകാരന്റെ പേര്/മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| നെടുമ്പാറ തറവട്ടം റോഡ് കോൺക്രീറ്റിംഗ് വാർഡ് 13/ എം ബുക്ക് നം – 14/20-21 | ഷാജി ഫ്രാൻസിസ്/ ₹ 2,88,752 | ₹ 5,775 | 29.03.2021 |

മേൽപ്പറഞ്ഞ തുക കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(06/22.10.2021) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. നിയമാനുസൃത നികുതികൾ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-28 പെർമിറ്റും പൂർണ്ണമായ വാല്വേഷനുമില്ലാതെ പഠനമുറിക്ക് ധനസഹായം

| | |
|---|---|
| പ്രോജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | 197/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തിയ തുക | 400000(വികസന ഫണ്ട് SCP) |
| ചെലവ് | 154500/-(വികസന ഫണ്ട് SCP) |
| ബിൽ നം | 1127349/22.02.21 തുക.100000/- |
| | 1418554/29.03.21 തുക. 34500/- |
| | 1426946/29.03.21 തുക.20000/- |

പ്രോജക്ട് മുഖേന 2പേർക്ക് 2ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ എസ്.സി വിദ്യാർത്ഥികൾക്ക് തൻ വർഷം ധനസഹായം നൽകുന്നതാണ് പദ്ധതി. അതിൽ ശ്രീഹരി സുരേഷ് എന്ന വിദ്യാർത്ഥിക്ക് അവരുടെ വീടിനോടു ചേർന്ന് നിർമ്മിച്ച പഠനമുറിക്ക് 84500/-രൂപ 2 ഗഡുക്കളായി നൽകിയിരുന്നു. കൂടാതെ ശ്രീമതി സഞ്ജന സജിക്ക് 70000/-(ഒന്ന്,രണ്ട് ഗഡുക്കൾ)നൽകിയിട്ടുണ്ട്. പൂർണ്ണമായ വാല്വേഷൻ ഇല്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. ഫയലിൽ ഉള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട വയറിങ്ങിനു അനുവദനീയമായ തുക(₹9,100/-) ഉൾപ്പെടുത്തിയിട്ടില്ല (സ.ഉ.(സാധാ) നം.1216/2020/2020/തസ്വഭവ തീയതി 22..06.2020). 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7,11 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ പണിയിൽ കൂട്ടിച്ചേർക്കലുകൾ വരുത്താനോ വിപുലീകരിക്കാനോ പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതാണ് (2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 8(13)ൽ ഉൾപ്പെടുത്താത്തതൊഴികെ).

സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ,തീയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ 7.2.17 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾക്കേ പഠനമുറി നിർമ്മിക്കാനാകൂ, എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ ധനസഹായം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/29.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകത പരിഹരിക്കേണ്ടതാണ്.

## 1-29 എ.ബി.സി പ്രോഗ്രാം- തുക നൽകിയെങ്കിലും പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | എ.ബി.സി പ്രോഗ്രാം |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹50,000/- |
| ചെലവ്(ബിൽ നം.തീയതി) | ₹50,000/-(1091536 /16.02.2021) |

മേൽ പ്രോജക്ട് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 50,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈമാറി എട്ട് മാസം കഴിഞ്ഞിട്ടും പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവ് നായ്ക്കളുടെ കൃത്യമായ വിവരം മിഷനിൽ ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത പരിപാടിക്കായി ഒരു മോണിറ്ററിങ്ങ് കമ്മറ്റി രൂപീകരിക്കേണ്ടതുണ്ട്. എ.ബി.സി. പരിപാടിയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യം, നായയെ സൂക്ഷിക്കുന്നതിനായുള്ള കൂടുകൾ, സർജറി റൂം ഉൾപ്പെടെയുള്ളവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ കുടുംബശ്രീ മിഷൻ കോർഡിനേറ്ററുമായി കരാർ ചമച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിയ്ക്കായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ നാളിതു വരെയും ഒരുക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/28.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ പദ്ധതി നടപ്പാക്കുന്നത് വരെ ചെലവ് തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടവാക്കേണ്ടി വരുന്നു

| | |
|---|---|
| പ്രോജക്ട് | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(ജനറൽ), 17/21 |
| നിർവ്വഹണം | വി.ഇ.ഒ,കീരമ്പാറ |
| അടങ്കൽ | 1,30,00,000/- |
| ചെലവ് | 87,00,000/- |

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്ന പദ്ധതിയിൽ 2020-21 ൽ ഭൂമി ലഭിച്ച ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയതിൽ സ്റ്റാമ്പ് ഡ്യൂട്ടി കൂടി സ്ഥലവിലയ്ക്കനുസരിച്ച് എല്ലാ ഗുണഭോക്താക്കളും അടവാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വില്പനക്കാരൻ | ബിൽ നം/തീയതി/തുക | ആധാരം നം / തീയതി | ഗുണഭോക്താവ് വാങ്ങിയ മുദ്രപത്രത്തിന്റെ വില |
|---|---|---|---|---|
| റീജ തോമസ്, പാലമറ്റം | സിനോജ് മത്തായി, ചെരുപുറം | 00619496/14.10.20/ ₹10,00,000 | 1258/20/ 13.03.2020 | 16200 |
| ഫിജോയ് ജോയ്, ആര്യ | കെ പി ആന്റണി | 0931450/12.01.21/ ₹ 8,00,000 | 1947/20/ 22.06.2020 | 16200 |

2 ലക്ഷം രൂപ സർക്കാർ നൽകുന്ന ധനസഹായത്തിൽ വാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി,രജിസ്ട്രേഷൻ ഫീസ് എന്നിവ

ഒഴിവാക്കിയതായി സർക്കാർ ഉത്തരവുണ്ടായിട്ടും (SRONo.114/2020/Taxes തീയതി 05.9.2020). പ്രസ്തുത ആനുകൂല്യം ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. ഇനിയും ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്താതെ നോക്കേണ്ടതാണ്.

## 1-31 എസ്.എസ്.എ. വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 1/2020-21 |
| അടങ്കൽ | ₹1,00,000/- |
| ചെലവ് | ₹1,00,000/- |
| ബിൽ നം. | 582336/2020-21 / 05.10.2020 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.എയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-32 സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് | 1) സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി,206/21<br>2) സുഭിക്ഷ കേരളം-പച്ചക്കറി കൃഷി കൃഷി,205/21 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1)175000<br>2)40000 |
| ചെലവ്(ബിൽ നം.തീയതി) | 1)89600/-(1271017/17.03.2021)<br>2)58800/-(1271432/17.03.2021)<br>1)40000/-(126902/16.03.2021) |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം(സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ,തീയതി.29.05.2020) തരിശ് ഭൂമി കൃഷിയ്ക്ക് ധനസഹായം നൽകിയതിൽ ആദ്യ ബിൽ പ്രകാരം 89600/-രൂപ 6 ഗുണഭോക്താക്കൾക്ക് നല്കിയിരുന്നു. ഇതിൽ ലീലാമ്മ ബേബി എന്നവരുടെ സൌത്ത് ഇൻഡ്യൻ ബാങ്കിന്റെ അക്കൌണ്ടിലേക്ക് 35000/-രൂപ വിതരണം ചെയ്തിരുന്നു. കൂടാതെ രണ്ടാമത്തെ ബിൽ പ്രകാരം ചെലവഴിച്ച 58800/-രൂപ 3 ഗുണഭോക്താക്കൾക്ക് നൽകിയതിൽ ശ്രീമതി എൽസി ബെന്നിയുടെ അക്കൌണ്ടിലേക്ക് 35000/-രൂപ നൽകിയിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിന് തരിശ് ഭൂമി കൃഷിയ്ക്ക് ധനസഹായം എന്ന പ്രോജക്ടിൽ ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക 32000/-രൂപയാണ്. ആയതിൽ അധികരിച്ചാണ് തുക നൽകിയത്. സർക്കാർ ഉത്തരവിനനുസരിച്ച് മതിയായ രേഖകൾ ലഭ്യമാക്കിയതിനനുസൃതമായി മാത്രം തുക അനുവദിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

സുഭിക്ഷ കേരളം പദ്ധതി പ്രകാരം കർഷകനും,ഉടമയ്ക്കും അനുവദിക്കാവുന്ന പരമാവധി ധന സഹായം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട തുക കർഷകനും,ഭൂവുടമയ്ക്കും നൽകിയിട്ടില്ല. ആയതിന് പകരം ചെലാൻ പ്രകാരം (KL022061318202021M,dtd.31.03.2021) 5040/-രൂപ സർക്കാരിലേക്ക്(3604-00-200-85-05-35-00)തിരിച്ചടവാക്കുകയാണ് ചെയ്തത്.

മേൽ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (20/29.10.21) മറുപടിയിൽ ടി പദ്ധതി ആദ്യമായാണ് പഞ്ചായത്തിൽ നടപ്പാക്കിയതെന്നും മനപ്പൂർവ്വമല്ലാതെ വന്ന തെറ്റാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക തുക നൽകാനുള്ളത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിശ്ശിക അടയ്ക്കൽ, 195/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1568318 |
| ചെലവ്<br>(ബിൽ നം.,തീയതി,തുക) | 1)00582338/05.10.2020, ₹ 4,48,440/-<br>2)01048189/06.02.2021, ₹ 4,48,440/-<br>3)01199066/06.03.2021, ₹ 4,48,440/-<br>4)01233197/12.03.2021, ₹ 2,22,998/-<br>ആകെ = ₹ 15,68,318/- |

കേരള വാട്ടർ അതോറിറ്റിയുടെ 2021 മാർച്ച് 31 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 205 പൊതു ടാപ്പുകൾക്കായി 2,24,04,462/-രൂപ ഗ്രാമപഞ്ചായത്ത് അടവാക്കാനവശേഷിക്കുന്നുണ്ട്. ഇതിൽ ഫൈൻ ഇനത്തിൽ മാത്രം 4,39,072/-രൂപ അടയ്ക്കാനുണ്ട്. 2019-20 ൽ 283342/- രൂപ വീതം രണ്ട് തവണയായി പ്ലാൻ ഫണ്ട് ജനറലിൽ നിന്നും 643000/-രൂപ സർക്കാർ വെള്ളക്കരമിനത്തിൽ കിഴിവ് വരുത്തിയിട്ടുണ്ട്. 2020-21ൽ 1568318/-രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുമുണ്ട്. കീരമ്പാറ ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത

പരിശോധന നടത്തി ആകെ പൊതു ടാപ്പുകളുടെ എണ്ണം 205 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2019ലെ 10(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 205 ടാപ്പുകളിൽ 84 എണ്ണം ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പൊതുടാപ്പുകൾ റദ്ദാക്കുന്നതിന് തുക അടച്ചുവെങ്കിലും നാളിതുവരെ ടാപ്പുകൾ വിഛേദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ വാട്ടർ ചാർജ്ജിനത്തിലെ കുടിശ്ശിക തകയായ രണ്ടേകാൽ കോടിയോളം രൂപ അടയ്ക്കുമ്പോൾ ഭീമമായ പിഴയിൽ ഇളവ് ലഭിക്കുന്നതിനോ, കുടിശ്ശിക തുക അടവാക്കുന്നതിന് സർക്കാരിൽ നിന്നും ഇളവ് ലഭിക്കുന്നതിനോ ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

### 1-34 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി/മാറ്റി സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | വാർഡ് | ബിൽ നം./തിയതി | തുക |
|---|---|---|---|---|
| 1 | 79/2020-21 | 13 | 4800138428/11.04.2020 | 60,000 |
| 2 | 78/2020-21 | 12 | 138427/11.04.2020 | 62,000 |
| 3 | 9/2020-21 | 3 | 1308705/20.03.2021 | 1,50,000 |
| 4 | 10/2020-21 | 13 | 1325578/23.03.2021 | 1,00,000 |
| ആകെ | | | | 3,72,000 |

വിനിയോഗ രേഖകളുടെ അഭാവത്തിൽ 3,72,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 09/21,പൈപ്പ് ലൈൻ നീട്ടൽ, വാർഡ് 3 | 21901097/ 20.03.21 | 150000 | 150000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 10/21,ചേലാടൻ കോളനി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ, വാർഡ് 13 | 21901098/ 20.03.21 | 100000 | 100000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 78/21,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വാർഡ് 12,രണ്ടാം ഘട്ടം | 22000135/ 14.03.21 | 62000 | 62000 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 79/21,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വാർഡ് 13 | 22000137/ 14.03.21 | 60000 | 60000 | പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 199/21,ജലജീവൻ മിഷൻ പദ്ധതി-കുടിവെള്ള കണക്ഷൻ നൽകൽ | 22000138/ 14.03.21 | 489000 | 277100 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഫണ്ട് കുറവായതിനാൽ ആദ്യ ഗഡു മാത്രമേ നൽകിയുള്ളൂ. തുക പൂർണ്ണമായും കൈമാറിയില്ല. 2021-22 ബാക്കി തുകയ്ക്ക് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |
| വനസംരക്ഷണ സമിതി | 98/21, പുന്നേക്കാട്-കുരിക്കുളം റോഡ് കട്ടവിരിയ്ക്കൽ | 22001142/ 30.03.21 | 460000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ 983201/-രൂപ ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B.18 Schedule: 460500201)

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2018-19 | 700000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ് സി) | 699950 | 50 |
| 2 | " | 2018-19 | 500000 | ലൈഫ് കുടുംബങ്ങൾക്ക് ഭവന നിർമ്മാണം (ജനറൽ) | 0 | 500000 |
| 3 | " | 2020-21 | 8000000 | ലൈഫ് മൂന്നാം ഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 8000000 | 0 |
| 4 | " | 2020-21 | 425000 | ലൈഫ് മൂന്നാം ഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ് സി) | 425000 | 0 |
| 5 | " | 2020-21 | 140000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ് സി) | 140000 | 0 |
| 6 | " | 2020-21 | 43050 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 43050 | 0 |
| 7 | " | 2020-21 | 50000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 50000 | 0 |
| 8 | " | 2020-21 | 106250 | നെൽകൃഷി വികസനം | 106250 | 0 |
| 9 | " | 2020-21 | 212500 | നെൽകൃഷി വികസനം | 212500 | 0 |
| 10 | ബ്ലോക്ക്പഞ്ചായത്ത് (കോതമംഗലം) | 2019-20 | 457360 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(ജനറൽ) | 457360 | 0 |
| 11 | " | 2019-20 | 720000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ്.സി) | 395000 | 325000 |
| 12 | " | 2018-19 | 335645 | ലൈഫ് എസ്.സി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം | - | 335645 |
| 13 | " | 2020-21 | 160000 | ലൈഫ് എസ്.സി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം (നേരിട്ടുള്ളത്) | 160000 | 0 |
| 14 | " | 2020-21 | 100000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി (നേരിട്ടുള്ളത്) | 100000 | 0 |
| 15 | " | 2020-21 | 161450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (നേരിട്ടുള്ളത്) | 161450 | 0 |

സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്) | ജി.ഒ (എം.എസ്) 68/2018 /ത.സ്വ.ഭ.വ, തീയതി.18.5.2018 | - | 1,14,69,412 | 13,76,079 | - | 1,00,93,333 |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനവായ്പ. | ജി.ഒ (ആർ.ടി ) 315/2010 /ത.സ്വ.ഭ.വ, തീയതി.28.01.2010 | - | 5,02,865 | 5,02,865 | - | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളൊന്നും ഇല്ല.

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55636465 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59001578 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 476633 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 46326 | ഡോ.എം.എം.ബക്കർ,മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-19 | 8307 | ഡോ.ലിൻസി നൈനാൻ,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 1-29 | 50000 | ഡോ.ഷൈജു പി,വെറ്ററിനറി സർജൻ |
| 1-34 | 122000 | ശ്രീ ലിജോ അഗസ്റ്റിൻ,സെക്രട്ടറി |
| 1-34 | 250000 | ശ്രീ എ ബി മൈതീൻ,സെക്രട്ടറി |
| ആകെ | 476633 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 5,775 | ശ്രീ എ ബി മൈതീൻ,അസി.സെക്രട്ടറി |

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിജോ അഗസ്റ്റിൻ,സെക്രട്ടറി | സെക്രട്ടറി,കാലടി ഗ്രാമപഞ്ചായത്ത് | ടെന്റ്,വി.കെ.സി.(പി.ഒ.) തേവയ്ക്കൽ,എറണാകുളം |
| ഡോ.എം.എം.ബക്കർ, മെഡിക്കൽ ഓഫീസർ, ഹോമിയോ | വിരമിച്ചു | അമലിപ്പുറത്ത്, പല്ലാരിമംഗലം(പി.ഒ) |
| ശ്രീ എ ബി മൈതീൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കവളങ്ങാട് ഗ്രാമപഞ്ചായത്ത് | അനിച്ചേരിപുളിയ്ക്കൽ, പല്ലാരിമംഗലം പി.ഒ |
| ഡോ.ഷൈജു പി., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കീരമ്പാറ ഗ്രാമപഞ്ചായത്ത് | അമ്പാടി വീട്, പാലക്കാട് |

| | | |
|---|---|---|
| ഡോ.ലിൻസി നൈനാൻ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,<br>കീരമ്പാറ ഗ്രാമപഞ്ചായത്ത് | ഇടത്തൊട്ടിയിൽ വീട്,<br>കോതമംഗലം പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91,91-92,92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997തീയതി :06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ<br>2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14)177/2017തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14)1415/2017 തീയതി 26.07.17/28.09.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി 14) 258/2020 തീയതി 18.03.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1552/2021 തീയതി 12.01.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്